പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5550 4.7.2013 ന് മറുപടിക്ക്

# ഗാർഹിക തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്.സലീഖ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി ) |
| എ)ഗാർഹിക തൊഴിലാളികൾക്ക് ഐ.എൽ.ഒ അംഗീകരിച്ച 'അന്താരാഷ്ട്ര പ്രമാണം' എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ; | എ) ഐ.എൽ.ഒ.യുടെ കൺവെൻഷൻ നമ്പർ 189 ൽ ഗാർഹിക തൊഴിലാളികളെ സംബന്ധിച്ചുള്ള ഐ.എൽ.ഒ. അംഗീകരിച്ച അന്താരാഷ്ട്ര പ്രമാണത്തെ കുറിച്ചുള്ള വിവരങ്ങൾ ഐ.എൽ.ഒ. യുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| ബി)ഇവയിൽ എന്തെല്ലാമാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത് ; എന്തെല്ലാമാണ് നടപ്പാക്കാനുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; | ബി) ഗാർഹിക തൊഴിലാളികളുടെ ഉന്നമനത്തിനും തൊഴിൽ സംബന്ധമായ വിവേചനം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അവർക്കായി പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഐ.എൽ.ഒ. അംഗീകരിച്ച മറ്റ് കാര്യങ്ങളിൽ നടപടി എടുത്തു വരുന്നു. തൊഴിൽ മേഖലയിലെ ലൈംഗിക പീഡനം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗാർഹിക മേഖലയിൽ ബാലവേല അവസാനിപ്പിച്ചിട്ടുണ്ട്. |
| സി) ഇതിനായി നിയമമുണ്ടാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | സി) 2010 മാർച്ച് 9 ലെ സർക്കാർ ഉത്തരവ് (എം.എസ്)32/2010/തൊഴിൽ പ്രകാരം ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട് . കേരള തൊഴിലാളി ക്ഷേമനിധിബോർഡിന്റെ കീഴിൽ ഗാർഹിക തൊഴിലാളികളെയും കൂടി ഉൾപ്പെടുത്തി ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനുമായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി)കുറഞ്ഞ വേതനവും, ക്രമീകൃതമല്ലാത്ത തൊഴിൽ | ഡി) ഇല്ല |

സമയവും , സുരക്ഷിതത്വമില്ലായ്മയും , പീഡനങ്ങളും അനുഭവിക്കുന്ന ഇത്തരം തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി, പ്രസവാനുകൂല്യം , വർക്ക്മെൻ കോമ്പൻസേഷൻ, തുല്യവേതനം , എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്, എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട്,ഗ്രാറ്റുവിറ്റി എന്നിവ സംബന്ധിച്ച നിയമങ്ങളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഇ) ഇവരെ പ്രസ്തുത നിയമങ്ങളിൻ കീഴിൽ കൊണ്ടു വരുവാനും അവർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുവാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

ഇ) ഗാർഹിക തൊഴിലാളികൾക്ക് ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതിയുടെ കീഴിൽ രജിസ്ട്രേഷൻ എടുക്കുവാനുള്ള സംവിധാനമുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു.

എഫ്)സംസ്ഥാനത്ത് നിലവിൽ എത്ര ഗാർഹിക തൊഴിലാളികൾ ഉണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

എഫ്) സംസ്ഥാനത്തെ മൊത്തം ഗാർഹിക തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടില്ല. എന്നാൽ കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 6500 അംഗങ്ങളും കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ ഗാർഹിക തൊഴിലാളികളായ 27500 അംഗങ്ങളും ഉൾപ്പെടെ 34000 അംഗങ്ങൾ ഉണ്ട്.

സെക്ഷൻ ഓഫീസർ